ഉത്തരം

(എ) പട്ടിക വർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്വഭാവ വിശേഷങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനാണ് 100% കേന്ദ്ര സഹായമുള്ള പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗവേഷണത്തിൽ തൽപ്പരരായ സ്കോളർമാരിൽ നിന്നും നിർദ്ദിഷ്ട ഫോറത്തിൽ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രസിദ്ധീകരിച്ച പേപ്പറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ജോലിയുള്ളയാളാണെങ്കിൽ തൊഴിൽ ദാതാവിൽ നിന്നുള്ള സാക്ഷ്യപത്രം, ഗവേഷണത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം, ഗൈഡിന്റെ സാക്ഷ്യപ്പെടുത്തലോടെ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത യൂണിവേഴ്സിറ്റി വകുപ്പുതലവൻ മുഖേനയുള്ള ശുപാർശ ചെയ്ത അപേക്ഷ എന്നിവ സഹിതം ഗവേഷണ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ 2225-02-794-96- Award for Research fellows (P) എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു.

(സി&ഡി) 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ നിർദ്ദിഷ്ട യോഗ്യതകളുള്ള അപേക്ഷകൾ ലഭിക്കാത്തതിനാൽ ഈ തുക ചെലവഴിച്ചിട്ടില്ല.

എൽ.ബി.എസ്. സെന്റർ മുഖേന ബി.എഡ്. കോഴ്സിന് പ്രവേശനം

131 (4188) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ മുഖേന സ്വാശ്രയ കോളേജുകളിൽ ബി.എഡ്.കോഴ്സിന് സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) അപേക്ഷകരുടെ കുറവുമൂലം എൽ.ബി.എസ്. സെന്റർ സ്പോട്ട് അലോട്ട്മെന്റ് നടത്തി എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാറുണ്ടോ ;

(സി) ഇത്തരം വിദ്യാർത്ഥികളിൽ എസ്.സി. വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ചുള്ള സർക്കാർ സ്പഷ്ടീകരണം ആവശ്യമുണ്ടോ ;

(ഡി) എൽ.ബി.എസ്. സെന്റർ മുഖേന സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.എഡ്. കോഴ്സിന് സ്വാശ്രയ കോളേജുകളിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 29,000 രൂപ നിരക്കിൽ ട്യൂഷൻ ഫീസും യഥാർത്ഥ പരീക്ഷാഫീസും, സ്പെഷ്യൽ ഫീസും അനുവദിച്ച് നൽകുന്നു. ടി ആനുകൂല്യത്തിന് പുറമേ വാർഷിക ലംപ്സംഗ്രാന്റ് 865 രൂപയും സ്റ്റൈപ്പന്റായി 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 405 രൂപയും 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 475 രൂപയും അനുവദിക്കുന്നുണ്ട്.

(ബി) പ്രവേശനം നൽകാറുണ്ട്.

(സി&ഡി) നിലവിലുള്ള നിയമപ്രകാരം സ്വാശ്രയ കോഴ്സുകൾക്ക് മെറിറ്റിലും 10% റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. സ്പോട്ട് അഡ്മിഷൻ മുഖേന പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ വിഭാഗത്തിൽ പ്രവേശനം ലഭിച്ചാൽ അവർക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്ന സ്വാശ്രയ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ഇതിൽ സ്പഷ്ടീകരണം ഇപ്പോൾ ആവശ്യമില്ല.

ചേർത്തല വി.വി. ഗ്രാമം ഐ.ടി.സി.-യിലെ പിന്നോക്കക്കാർക്കായുള്ള കോഴ്സ്

132 (4189) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ വി.വി. ഗ്രാമം ഐ.ടി.സി. യിൽ നിലവിലുണ്ടായിരുന്ന കയർ ഡിപ്ലോമ കോഴ്സിനു പകരം പുതിയ തൊഴിൽ മേഖലയിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുംവിധം പുതിയ കോഴ്സുകൾ അനുവദിച്ചു നൽകുമെന്ന് ഉറപ്പു നൽകിയിരുന്നുവെങ്കിലും ഈ സ്ഥാപനത്തിലെ ജീവനക്കാരെയടക്കം സ്ഥലം മാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിൽ പുതിയ ട്രേഡുകൾ അനുവദിച്ചും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും വി.വി. ഗ്രാമം ഉൽപ്പാദന പരിശീലന കേന്ദ്രത്തെ പുനരുജ്ജീവിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വി.വി. ഗ്രാമം ഉൽപ്പാദന പരിശീലന കേന്ദ്രത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് പകരം ഇവിടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇലക്ട്രീഷ്യൻ ട്രേഡോടുകൂടി ഒരു ഐ.ടി.സി. ആരംഭിക്കുന്നതിനുള്ള സാധ്യത പട്ടികജാതി വികസന വകുപ്പിൽ പരിശോധിച്ചുവരികയാണ്.